(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 2011-12 മുതൽ 2014-15 വരെ ബോർഡ് എടുത്തിട്ടുള്ള വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു: വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സാമ്പത്തിക വർഷം	തുക (കോടിയിൽ)
2011-12	1380.26
2012-13	2499.35
2013-14	3301.86
2014-15	3324.29

(ഡി) കഴിഞ്ഞ 4 വർഷത്തെ ബോർഡിന്റെ വരുമാനം ചുവടെ ചേർക്കുന്നു: വിവിധ വിഭാഗത്തിലുണ്ടായ വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവ്, നിരക്ക് വർദ്ധനവ്, സർചാർജ്ജ് എന്നീ ഇനങ്ങൾ ഉൾപ്പെടുന്നതാണ് ഈ വരുമാനം.

സാമ്പത്തിക വർഷം	വിറ്റ യൂണിറ്റ് (മില്യൺ യൂണിറ്റ്)	വരുമാനം തുക (കോടിയിൽ)
2010-11	14678.14	5403.76
2011-12	16181.63	5817.82
2012-13	16838.24	7446.98
2013-14	17454.04	9974.19

(ഇ) 2013-14-ലെ താൽക്കാലിക കണക്കുപ്രകാരം ഏകദേശം 1776.09 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ

42 (387) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണെന്നും എത്ര സമയത്തേക്കാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി നിലയങ്ങളുടെ അറ്റക്കുറ്റപ്പണി പൂർത്തിയായിട്ടുണ്ടോ ;

(സി) അറ്റകുറ്റപ്പണി ചെയ്യുന്നത് ഏതെല്ലാം കമ്പനികളാണെന്നും കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഏർപ്പെടുത്തിയിട്ടില്ല.

(ബി) 2014-15 ജലവർഷത്തിൽ ചെയ്യേണ്ടിയിരുന്ന വാർഷിക അറ്റകുറ്റ പണികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ (Annual Maintenance, Monthly Maintenance) സാധാരണ നിലയിൽ ബോർഡ് ജീവനക്കാർതന്നെ ചെയ്യുന്നു. ബോർഡ് ജീവനക്കാർക്ക് മാത്രമായി ചെയ്യുവാൻ സാധ്യമല്ലാത്ത ജോലികൾ ടെണ്ടർ/ക്വട്ടേഷൻ അടിസ്ഥാനത്തിൽ കരാർ നൽകുന്നു. ഇതിനായി സ്ഥിരം കോൺട്രാക്ടിംഗ് കമ്പനിയെ ഏർപ്പെടുത്തിയിട്ടില്ല.

കൂടംകുളം ആണവ നിലയത്തിൽനിന്നുള്ള വൈദ്യുതി

43 (388) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വൈദ്യുതി കേരളത്തിലേക്ക് കൊണ്ടുവരുന്നത് ഏത് വഴിയാണ് ; ഏതെല്ലാം പ്രദേശത്തിലൂടെയാണ് എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ലൈനിന്റെ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കുവാനുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പൂർത്തീകരിക്കാത്തത് എന്നും എവിടെയാണ് പ്രവൃത്തികൾ ബാക്കിയുള്ളത് എന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly